ഉത്തരം

(എ) ആലോചിച്ചിട്ടില്ല.

(ബി) ഉണ്ട്. കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന ഒരു പദ്ധതി 1998-99 മുതൽ നടപ്പാക്കി വരുന്നു. ഇതുപ്രകാരം വായ്പാതുക സ്പെഷ്യൽ സബ്സിഡിയടക്കം 1,50,000/-യാണ് (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) അതിൽ 50,000/- രൂപ സബ്സിഡി തിരിച്ചടയ്ക്കേണ്ടതില്ല.

(സി) പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടേയുള്ളൂ. 680 പേരെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികവിഭാഗക്കാർക്ക് ഭൂമിവാങ്ങുന്നതിനുള്ള സംവിധാനങ്ങൾ

4 (787)ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികവിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂമി വാങ്ങുന്നതിന് നിലവിലുള്ള പദ്ധതി അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ പട്ടികവിഭാഗക്കാരെ അൻപത് സെന്റ് ഭൂമിയുണ്ടെങ്കിലും ഉടമകളാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപ നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായി പ്രസ്തുത വിഭാഗക്കാരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നാല് സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 15,000 രൂപ നൽകി വരുന്നു. വീട് വയ്ക്കാനായി ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങാൻ 15,000 രൂപ ഗ്രാന്റായി നൽകുന്നു. 1998-99 സാമ്പത്തികവർഷം നടപ്പിലാക്കിയ പുതിയ പദ്ധതിപ്രകാരം ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും 15 സെന്റിൽ കുറയാതെ ഭൂമി വാങ്ങുന്നതിന് 50,000

LIBRARY ARCHIVES Kerala Legislative Assembly

രൂപ നൽകിവരുന്നു. ഇതിനു പുറമേ പുറമ്പോക്കിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് നാലുസെന്റ് ഭൂമിയോ പട്ടണപ്രദേശങ്ങളിൽ രണ്ട് സെന്റ് ഭൂമിയോ വാങ്ങുന്നതിന് 15,000 രൂപയും നൽകി വരുന്നു. പട്ടികജാതിയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 25,000 രൂപ നൽകി വരുന്നു.

1998-99 സാമ്പത്തിക വർഷം പട്ടികവിഭാഗത്തിൽപ്പെട്ടവർക്കായി പട്ടിക ജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കൃഷിഭൂമി വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പരമാവധി 1,50,000 (ഒരു ലക്ഷത്തിയൻപതിനായിരം രൂപ മാത്രം) രൂപയാണ് ഇതിനായി നൽകുന്നത്. ഇതിൽ 50,000 രൂപ ഗവൺമെന്റ് സബ്സിഡിയാണ്. കുറഞ്ഞത് 50 സെന്റ് ഭൂമി വാങ്ങാനാണ് ഈ തുക നൽകുന്നത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. കൃഷിഭൂമി വായ്പാ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരുമാനിക്കുകയും 50,000 രൂപയുടെ സബ്സിഡി ഉൾപ്പെടെ ഒന്നരലക്ഷം രൂപ ഇതിനായി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ഈ പദ്ധതിപ്രകാരം കുടുംബവാർഷിക വരുമാനം 20,000 രൂപയിൽ കവിയാത്ത പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളി കുടുംബത്തിനാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. 1998-99 വർഷത്തിൽ 680 പേർക്കും 1999-2000 വർഷത്തിൽ 1000 പേർക്കുമാണ് വായ്പ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

(എഫ്)ഈ പദ്ധതിപ്രകാരം 50 സെന്റ് ഭൂമിയെങ്കിലും വാങ്ങിയിരിക്കണം. അപേക്ഷകന്റെ പ്രായം 21-നും 55-നും ഇടയ്ക്ക് ആയിരിക്കണം. ഭൂരഹിത കർഷകത്തൊഴിലാളിക്കും വിധവകൾക്കും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട വനിതകൾക്കും കുടുംബനാഥൻമാരായിട്ടുള്ളവർക്കും മുൻഗണന നൽകുന്നതാണ്. കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ കവിയാൻ പാടില്ല. കേരളത്തിലെ പട്ടികവിഭാഗത്തിൽപ്പെട്ടവർക്കാണ് ഈ വായ്പാ നൽകുന്നത്. പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 25 സെന്റിലും മുനിസിപ്പാലിറ്റിയിലെ താമസക്കാർക്ക് 10 സെന്റിലും കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റിലും കൂടുതൽ താമസത്തിന് ഭൂമിയോ കൃഷിഭൂമിയോ സ്വന്തമായുണ്ടെങ്കിൽ വായ്പയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇതിനുമുമ്പ് കൃഷി ഭൂമി വായ്പ ലഭിച്ചവർക്കും പുതിയ കൃഷിഭൂമി വായ്പാ പദ്ധതിക്ക് അർഹതയില്ല.

(ജി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സംസ്ഥാന പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, മറ്റു ബോർഡംഗങ്ങൾ തുടങ്ങിയവരുൾപ്പെടുന്ന ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്റർവ്യൂ നടത്തി മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കു വിധേയമായി തെരഞ്ഞെടുക്കുന്നവർക്കാണ് വായ്പ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly